II തിരുത്ത്

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 11-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനത്തിൽ 15-7-2005-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 1289-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ ഒരു പിശക് കടന്നുകൂടിയിരുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു. ..... (ബഹളം) ..... †

9.30 A.M.]

മി. ഡെപ്യൂട്ടി സ്പീക്കർ: തിരുത്തൽ വരുത്തുന്നത് നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിനാണ്. അതുകൊണ്ട് ഇതിന്മേൽ ഉപചോദ്യം അനുവദനീയമല്ല. അജണ്ടയിൽ ഇത് ചേർക്കേണ്ട കാര്യവുമില്ല. അങ്ങനെയൊരു കീഴ്വഴക്കമില്ല ..... (ബഹളം) .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി തിരുത്തൽ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുന്നതിനുമുമ്പ് അദ്ദേഹം അത് പത്രത്തിൽ കൊടുത്തിരിക്കുന്നു. ഈ സഭയുടെ അവകാശത്തെയാണ് ബഹുമാനപ്പെട്ട മന്ത്രി ലംഘിച്ചിരിക്കുന്നത്. മന്ത്രിക്കെതിരെ അവകാശലംഘനപ്രശ്നം ഉന്നയിക്കുന്നതിന് ഞങ്ങൾക്ക് അനുമതി തരണം. അങ്ങ് ആ റൂൾ പരിശോധിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് അങ്ങ് പ്രത്യേകമായി എഴുതിക്കൊടുത്താൽ മതി.

III അടിയന്തിരപ്രമേയം

കണിച്ചുകുളങ്ങര ദേശീയപാതയിൽ ആസൂത്രിതമായി നടത്തിയ കൊലപാതകം

മി. ഡെപ്യൂട്ടി സ്പീക്കർ: ആലപ്പുഴ കണിച്ചുകുളങ്ങര ദേശീയപാതയിൽവച്ച് എവറസ്റ്റ് ചിട്ടി കമ്പനി ഉടമ, സഹോദരി, ഡ്രൈവർ എന്നിവരെ ആസൂത്രിതമായി വോറിയിടിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ ഗുണ്ടാത്തലവനുൾപ്പെടെയുള്ള യഥാർത്ഥ പ്രതികളെ പോലീസ് അറസ്റ്റുചെയ്യാതിരുന്നതുമൂലം ഉളവായിട്ടുള്ള അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഡോ. തോമസ് ഐസക്, സർവ്വശ്രീ കെ. പി. രാജേന്ദ്രൻ, സി. കെ. നാണു, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, പി. സി. ജോർജ്ജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആലപ്പുഴ ജില്ലയിൽ ചേർത്തല, ആലപ്പുഴ നാഷണൽ ഹൈവേയിൽക്കൂടി വടക്കുനിന്നും തെക്കോട്ട് ഓടിച്ചുവന്ന

†തിരുത്തിയ ഉത്തരം അനുബന്ധം XV ആയി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

KRD 1760-ാം നമ്പരിലുള്ള ലോറി 20-7-2005-ന് ഉച്ചയോടെ കണിച്ചുകുളങ്ങര സ്റ്റീൽ പ്ലാന്റിനുസമീപംവച്ച് എതിരെ വന്ന ഒരു സഫാരി കാറുമായി കൂട്ടിയിടിച്ചു. പൂർണ്ണമായി തകർന്ന കാറിൽ സഞ്ചരിച്ചിരുന്ന ചെറായി ആസ്ഥാനമായി പ്രവർത്തിക്കുന്ന എവറസ്റ്റ് ചിട്ടി കമ്പനി ഉടമ രമേശ്, സഹോദരി ലത, ഡ്രൈവർ ഷംസുദീൻ എന്നിവർ സംഭവസ്ഥലത്ത് മരണപ്പെടുകയും കാറിലുണ്ടായിരുന്ന വിദ്യാധരൻ, കുട്ടിക്കൃഷ്ണൻ എന്നിവർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഇക്കാര്യത്തിൽ മാരാരിക്കുളം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും സയന്റിഫിക് വിദഗ്ദ്ധർ, വിരലടയാള വിദഗ്ദ്ധർ എന്നിവരെ സംഭവസ്ഥലത്ത് എത്തിച്ച് തെളിവുകൾ ശേഖരിക്കുകയും ചെയ്തു. മരണപ്പെട്ട രമേശ് മൂന്നുവർഷം മുമ്പ് ഹിമാലയ ഗ്രൂപ്പ് എന്ന സഹകാര്യ ധനകാര്യ സ്ഥാപനത്തിന്റെ ജനറൽ മാനേജരായിരുന്നു. അവിടെനിന്നും തെറ്റിപ്പിരിഞ്ഞ് എവറസ്റ്റ് എന്ന പേരിൽ ചെറായിയിൽ ഒരു സഹകാര്യ ധനകാര്യ സ്ഥാപനം ആരംഭിക്കുകയും തുടർന്ന് അവർ തമ്മിൽ ശത്രുതയിൽ കഴിഞ്ഞുവരികയുമായിരുന്നു. പ്രസ്തുത അപകടം ആസൂത്രിത കൊലപാതകമാണെന്ന് കണ്ടെത്തിയതനുസരിച്ച് കേസിന്റെ വകുപ്പുകൾ കൊലപാതകക്കുറ്റം, ഗൂഢാലോചന എന്നിവ ഉൾപ്പെടുത്തി കോടതിയിൽ റിപ്പോർട്ട് കൊടുത്തു. തുടർന്ന് ലോറി ഓടിച്ചിരുന്ന ഉണ്ണിയെയും കൂടെയുണ്ടായിരുന്ന അജിത്കുമാറിനെയും അറസ്റ്റുചെയ്തു. മൂന്നാംപ്രതിയായ ഹിമാലയ ഗ്രൂപ്പിന്റെ പ്രിന്റിംഗ് സെക്ഷന്റെ മാനേജരായ മൃഗം സാജു എന്ന ആളെ പോലീസ് തെരഞ്ഞുകൊണ്ടിരിക്കുകയാണ്. ഈയാളെ ചോദ്യം ചെയ്താൽ മാത്രമേ ഹിമാലയ ഗ്രൂപ്പിനും അതിന്റെ അധികൃതർക്കും ഈ സംഭവത്തിലുള്ള പങ്ക് വെളിപ്പെടുകയുള്ളൂ. മൃഗം സാജു ഉപയോഗിച്ചിരുന്ന വാഹനം, മൊബൈൽ ഫോൺ, പ്രതികൾ സംഭവസ്ഥലത്തുനിന്നും രക്ഷപ്പെടാനുപയോഗിച്ച ടാങ്കർ ലോറി എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഈ സാജുവിന്റെ അറസ്റ്റോടുകൂടി ലഭ്യമാകുന്നതാണ്. ആലപ്പുഴ ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി. യുടെ നേതൃത്വത്തിലുള്ള സംഘമാണ് ഇപ്പോൾ ഈ കേസ് അന്വേഷിക്കുന്നത്.

ഡോ. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമീപകാലത്തെ പതിവനുസരിച്ച് ഈ പ്രമേയം ചർച്ചയ്ക്കെടുക്കാമെന്ന് അദ്ദേഹം പറയുമെന്നാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. ഈ ബ്ലേഡ് മാഫിയകളെ നിയന്ത്രിക്കുന്നതിനും അധോലോക സംഘങ്ങളെയെല്ലാം അടിച്ചമർത്തുന്നതിനുമൊക്കെ ഈ സർക്കാർ കൈവരിച്ചിട്ടുള്ള വലിയ നേട്ടങ്ങൾ ജനങ്ങൾക്കുമുമ്പിൽ വിവരിക്കുന്നതിന് നല്ല സന്ദർഭം ഇത് സർക്കാരിന് നൽകിയേനെ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ വിശദീകരണം തികച്ചും അപര്യാപ്തമാണ്. ഈ അടിയന്തിരപ്രമേയ നോട്ടീസ് നൽകിക്കൊണ്ട് ഉന്നയിച്ചിട്ടുള്ള തുടർപ്രശ്നങ്ങളിലേക്കൊന്നും അദ്ദേഹം കണ്ണോടിക്കുന്നില്ല. എന്തുകൊണ്ടാണ് ഇത്തരത്തിലൊരു സമീപനം സ്വീകരിക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

അതിനെക്കാൾ ഇന്നത്തെ മലയാളമനോരമ പത്രത്തിൽ വ്യക്തമാണ്. ഈ ഹിമാലയ ഗ്രൂപ്പും ബ്ലേഡ് മാഫിയയും സംസ്ഥാനത്തെ പോലീസും തമ്മിലുള്ള അവിശുദ്ധ ബന്ധവും ഓരോ ദിവസം കഴിയുംതോറും പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. ചെറായി, മുനമ്പം, പറവൂർ പ്രദേശത്തെ പോലീസുകാരിൽ ഈ ഹിമാലയ ഗ്രൂപ്പിന്റെ മാസപ്പടിക്കാരുണ്ട്, ഈ പോലീസുകാർ ഇതിന്റെ ഉടമകളുടെ അകമ്പടിസേവക്കാരാണ്. കല്യാണം അതുപോലുള്ള വിശേഷങ്ങളിൽ കൂട്ടത്തോടെ പോലീസുകാർ പങ്കെടുക്കുന്നു. റിട്ടയർ ചെയ്തുകഴിഞ്ഞാൽ ഈ സ്ഥാപനത്തിൽ ജോലി കിട്ടുന്നു. ഇതെല്ലാം ഈ പ്രദേശത്തെ ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസം നശിപ്പിച്ചിരിക്കുന്നു എന്നാണ് ആ പത്രം പറഞ്ഞിട്ടുള്ളത്. കഴിഞ്ഞ ദിവസം ദീപിക പത്രത്തിൽ റോയുടെ റിപ്പോർട്ടിനെക്കുറിച്ച് ഒരു സൂചന വന്നു. സംസ്ഥാനത്തെ പോലീസിന് അധോലോക സംഘങ്ങളുമായി ബന്ധമുണ്ടെന്ന് റോയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നു എന്നാണ് ദീപിക പത്രം ചൂണ്ടിക്കാണിച്ചത്. ഇങ്ങനെ പോലീസുമായി മാത്രമല്ല, യു.ഡി.എഫ്.-ന്റെ രാഷ്ട്രീയനേതൃത്വവുമായിട്ടും ഈ ബ്ലേഡ് സംഘങ്ങൾക്ക് ബന്ധമുണ്ടെന്ന് ഞങ്ങളല്ല പറയുന്നത്, ഇന്നലെ ഇറങ്ങിയ ഇന്ത്യൻ എക്സ്പ്രസ് പത്രത്തിൽ വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഞാൻ ഒരാൾക്കുമെതിരായി കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലൊന്നും ഒരു ആരോപണവും മുന്നോട്ടുവയ്ക്കുന്നില്ല. നമ്മൾ എം.എൽ.എ. മാരൊക്കെയാകുമ്പോൾ നാട്ടിലുള്ള ചടങ്ങുകളിൽ പങ്കെടുത്തതുകൊണ്ട് അതിൽ ബന്ധമുണ്ടെന്നാരോപിക്കാനും ഞാനില്ല. പക്ഷേ, ഗൗരവമായിട്ടുള്ള ആരോപണം പത്രങ്ങളിൽ വന്നാൽ നിഷേധിക്കാൻ തയ്യാറാകണം. അത് ഉണ്ടായിട്ടില്ല. ഈ ഒരു പശ്ചാത്തലം ഈ പ്രശ്നത്തിലുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെയൊക്കെ ഫലമായി എന്തുണ്ടായി? എല്ലാ പത്രങ്ങളും വെളിപ്പെടുത്തിയിരിക്കുന്നു. ഈ ആസൂത്രിത കൊലപാതകമുണ്ടായതിനുശേഷം ആദ്യത്തെ പോലീസിന്റെ നടപടി ഇത് അപകടമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമായിരുന്നു. ക്രൈം ഡിറ്റാച്ച്മെന്റ് വന്നതിനുശേഷം മാത്രമാണ് ഇതിലൊരു മാറ്റം വന്നത്. അതിനുള്ളിൽ വേറെ ചില കാര്യങ്ങളും നടന്നു. ഒന്ന്, ഉണ്ണിക്കൃഷ്ണന്റെ മൊഴി. രണ്ട്, ബന്ധുക്കൾ മുഴുവൻ മുൻവധശ്രമങ്ങളെക്കുറിച്ചുള്ള ആക്ഷേപം സർക്കാരിനു തന്നു. ഇതെല്ലാം കഴിഞ്ഞതിനുശേഷവും ഇപ്പോൾ മുഖ്യമന്ത്രി വായിച്ചതെന്താണ്? ഹിമാലയാഗ്രൂപ്പിന്റെ ഉടമകളായ ബിനീഷിനും സജിത്തിനും, ഇവരുമായി ബന്ധമുണ്ടോ എന്നുള്ളതു മൃഗം സാജുവിനെ പിടിച്ചു കഴിഞ്ഞാൽ, മൊബൈൽ ഫോൺ കിട്ടിക്കഴിഞ്ഞാൽ, ടാങ്കർ ലോറി ഏതാണെന്നു മനസ്സിലാക്കിയാൽ, കാർ ആരുടേതെന്നു മനസ്സിലാക്കിയാൽ മാത്രമേ പറയാൻ കഴിയൂ എന്നാണ്. ഹിമാലയാ ഗ്രൂപ്പിന്റെ മാനേജരായ സാജു, ഇവരെ മൂന്നു പേരേയും നീചമായ രീതിയിൽ, ആസൂത്രിതമായി, വാടകക്കൊലയാളികളെക്കൊണ്ട് കൊല്ലിക്കണമെങ്കിൽ വ്യക്തിപരമായ എന്തു വിരോധമാണുള്ളത്? അങ്ങുതന്നെ പറഞ്ഞല്ലോ, ഹിമാലയാ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രൂപ്പിന്റെ മാനേജരായിരുന്ന രമേശ് അറുമുഖനുമായി തെറ്റിപ്പിരിഞ്ഞ് എറണസ്റ്റ് എന്നു പറയുന്ന ഒരു കമ്പനി തുടങ്ങി, അതിന്റെ പേരിലുള്ള വൈരാഗ്യവും മൽസരവുമാണ് ഇതിനു കാരണമെന്ന്. അതുവരെയും ഇവരെല്ലാവരും ഒരു കമ്പനിയിൽത്തന്നെയായിരുന്നു. ചെറായി, മുനമ്പം-പറവൂർ പ്രദേശത്ത് നടന്നിട്ടുള്ള കൊലപാതകങ്ങൾ 19-ാം തീയതി അഭിലാഷ് എന്നു പറയുന്ന ഒരു യുവാവിനെ ചെറായി പാലത്തിനു സമീപം വച്ചു വെട്ടി കൊലപ്പെടുത്തി. ഇതേ സ്ഥലത്തുവച്ചാണ് രജനീരാജ് എന്നു പറയുന്ന യുവാവിനെ ഈ ഗുണ്ടാസംഘങ്ങൾ കൊലപ്പെടുത്തിയത്. ഈ ഗുണ്ടാസംഘങ്ങളിൽ ഒരു വിഭാഗത്തിനെ, കൊലപ്പെടുത്തുന്നതിനുവേണ്ടി തിരുവനന്തപുരത്തു കൊണ്ടുവന്ന്, പറവൂർ ടൗണിൽവച്ച് നിർമ്മാണ തൊഴിലാളികളിൽ അഞ്ചു പേരെ ഗുണ്ടകൾ ആക്രമിച്ചു. അന്നു പറവൂർ ടൗണിലാകെ ഹർത്താലായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ, ഈ പറയുന്ന രണ്ടു പേർക്കും, ഉടമകൾക്ക്, ഈ രമേശടക്കമുള്ളവരുമായിട്ട് കൊലപാതക കുറ്റത്തിന് 107 അനുസരിച്ച് കേസ്സില്ലേ? ചരിത്രം മുഴുവൻ അറിയാമല്ലോ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സാജുവിനെ പിടിച്ച്, മൊബൈൽ ഫോൺ കിട്ടി, ടാങ്കർ ലോറി കണ്ടെത്തി, വെളുത്ത കാറും കറുത്ത കാറും കണ്ടുപിടിച്ച്, ഇതെല്ലാം കഴിഞ്ഞതിനുശേഷം മാത്രമേ ഇവർക്കു ബന്ധമുണ്ടാകൂ എന്നു പറയുന്നതിന്റെ അടിസ്ഥാനമെന്താണ്? നിങ്ങൾ ആരെയൊക്കെയോ സംരക്ഷിക്കാൻ ശ്രമിക്കുന്നു എന്നല്ലേ ഇതിൽനിന്നും തെളിയുന്നത്? രണ്ടാമത് ഒരു വട്ടംകൂടി ചിന്തിക്കേണ്ട ആവശ്യമുണ്ടോ? ആരാണ് ഇതിന്റെ പിന്നിലെന്ന് നിങ്ങൾക്ക് ഇപ്പോഴും പറയാൻ കഴിയുന്നില്ലല്ലോ? ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഈ സഭയിൽ കഴിഞ്ഞ സമ്മേളനകാലത്ത് വലിയൊരു പ്രഖ്യാപനം നടത്തി. പന്ത്രണ്ടര ശതമാനത്തിൽ അര ശതമാനം കൂട്ടിക്കഴിഞ്ഞാൽ എനിക്ക് പോലീസിന്റെ സഹായമൊന്നും വേണ്ട, സാമ്പത്തിക കുറ്റത്തിനു ഈ ബ്ലേഡ് മാഫിയകളെ ഞാൻ കൊമ്പുകുത്തിക്കുമെന്ന്. ആർക്കെങ്കിലും എതിരായി ഒരു നടപടിയെങ്കിലും എടുത്തിട്ടുണ്ടോ? എത്ര ശതമാനം പലിശയാകാമെന്നതിനെ സംബന്ധിച്ചു ചർച്ചകൾ പലതും നടന്നിട്ടുണ്ട്. അതുപോലെ ബ്ലേഡ് മാഫിയകളും ഗുണ്ടകളും പോലീസും രാഷ്ട്രീയനേതൃത്വവും തമ്മിലുള്ള അവിശുദ്ധബന്ധമാണ് ഈ ഹിമാലയാ ഗ്രൂപ്പിന്റെ ആസൂത്രിതമായ കൊലപാതകത്തിലൂടെ തെളിയുന്നത്. കേരളത്തിലെ നിക്ഷേപകർ ആശങ്കയിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിനെക്കുറിച്ചു സൂചിപ്പിച്ചല്ലോ. നിങ്ങൾ എന്താണ് ചെയ്യാൻ പോകുന്നത്? എന്റെ മണ്ഡലമായ മാരാരിക്കുളത്തെ ശാഖയിൽ മൂന്നു ദിവസമായി അവിടത്തെ ജീവനക്കാരെ മുഴുവൻ ജനങ്ങൾ തടഞ്ഞു വച്ചിരിക്കുകയാണ്. പോലീസിന്റെ മധ്യസ്ഥതയിൽ പ്രാഥമിക കൃത്യനിർവ്വഹണത്തിനു കൊണ്ടുപോയി വിടുന്നു, തിരികെ കൊണ്ടുപോകുന്നു. അതാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഓരോ ശാഖകളിലും നടന്നുകൊണ്ടിരിക്കുന്നത് എന്താണെന്ന് പത്രങ്ങളിൽ വരുന്നുണ്ട്. ജനങ്ങൾ നിയമം കയ്യിലെടുക്കാൻ നിർബന്ധിതരാകുകയാണ്. നിയമപാലകരായ നിങ്ങൾക്ക് ഇതിനെക്കുറിച്ച് ഒരു ചിന്തയുമില്ല. ഇന്റഗ്രേറ്റഡ് ഫിനാൻസ്

LIBRARY ARCHIVES Kerala Legislative Assembly

തകർന്നുകഴിഞ്ഞിട്ട് എന്തു ചെയ്തു സർക്കാർ? കുമ്പനാടു മാത്രം ഇന്നലെ യോഗം നടന്നു. നാല്പതു കോടി രൂപയുടെ നിക്ഷേപമാണ്. ഈ സംസ്ഥാനത്ത് ആരെങ്കിലും ചോദിക്കാനുണ്ടോ? ഈ ബ്ളേഡ് മാഫിയകൾക്കെതിരെ ഒരു ചെറുവിരൽ അനക്കാൻ ആരെങ്കിലും തയ്യാറായിട്ടുണ്ടോ? എന്തും ചെയ്യാം എന്നുള്ള നിലയിലേക്കു ഈ ബ്ളേഡു മാഫിയകളെ കയറൂരിവിടുന്ന സ്ഥിതിയിലേക്ക് നാം എത്തിച്ചേർന്നിരിക്കുകയാണ്. അതീവ ഗുരുതരമായ ഒരു സ്ഥിതിവിശേഷം ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്നതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 26-ാം തീയതി വൈകുന്നേരം 8 മണിക്ക് വടക്കഞ്ചേരി അങ്ങാടിയിൽ ജോലിചെയ്തുകൊണ്ടിരുന്ന കാവശ്ശേരി തെന്നിലാപുരം സ്വദേശിയായ തിലകനെ ജോലിസ്ഥലത്തു നിന്നും വീട്ടിലേക്കു പോകുന്ന വഴിക്ക്, തെന്നിലാപുരത്തുവച്ചു റോഡിൽ തടഞ്ഞുനിർത്തി മാരകമായി വെട്ടി പരിക്കേല്പിച്ചു. പരിക്കേറ്റ തിലകനെ ആലത്തൂർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടെ ചികിത്സ നൽകാൻ കഴിയാത്തതിനാൽ തൃശ്ശൂരിലേക്കു മാറ്റി. ഇന്നലെ തൃശ്ശൂർ എലൈറ്റ് ഹോസ്പിറ്റലിൽവച്ച് അദ്ദേഹം മരണമടഞ്ഞു. ഇന്നേവരെ പ്രതികൾ ആരാണെന്ന് നിശ്ചയിക്കുവാനോ പ്രതികളെ കണ്ടെത്താനോ നടപടികൾ സ്വീകരിക്കാനോ കഴിഞ്ഞിട്ടില്ല. അതുസംബന്ധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഡോ. തോമസ് ഐസക് ഗവൺമെന്റിനെ കുറ്റപ്പെടുത്താൻവേണ്ടി വളരെ പാടുപെട്ട് അവസാനം ചിട്ടിക്കമ്പനികളുടെ കാര്യങ്ങളിലേക്കു വരേണ്ടി വന്നു. ഇവിടെ ഒരു പ്രതിയും രക്ഷപ്പെടില്ല. നമ്മുടെ സംസ്ഥാനത്ത് ഇതുപോലുള്ള സംഭവങ്ങൾ ഇനി ആവർത്തിക്കാൻ ഒരിക്കലും അനുവദിച്ചുകൂടാ. അതിന് എന്തെല്ലാം നിയമപരമായ നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ അത്തരം നടപടികളുമായി മുന്നോട്ടുപോകും. പോലീസ് കേസന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ, അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുമ്പോൾ, ഈ കേസിലെ പ്രതികളുടെയെല്ലാം പേർ ഞാൻ ഈ സഭയിൽ വായിക്കണമെന്നാണോ ഡോക്ടർ പറയുന്നത്. അതിനു ചില നടപടിക്രമങ്ങളുണ്ട്. ഇതൊരു ആസൂത്രിത കൊലപാതകമാണെന്ന് പോലീസ് കണ്ടെത്തിയിട്ടുണ്ട്. അതനുസരിച്ചുള്ള വകുപ്പ് ഉപയോഗിച്ച് കേസെടുത്തിട്ടുണ്ട്. ആദ്യം അറസ്റ്റു ചെയ്യേണ്ടത് ഈ വണ്ടിയോടിച്ച ആളിനെയാണ്. വണ്ടിയോടിച്ച ആളിനെ പിടിച്ചു. കൂട്ടത്തിൽ ഉണ്ടായിരുന്ന ആളിനെയും പിടിച്ചു. അവരെ ചോദ്യം ചെയ്യുകയാണ്. അവരിൽനിന്നും കിട്ടേണ്ട വിവരങ്ങൾ പോലീസിനു കിട്ടിയിട്ടുണ്ട്. ഇനി അടുത്ത സ്റ്റേജാണ് സാജു എന്നു പറയുന്നയാൾ. ഒരു സംശയവും വേണ്ട ഈ സാജുവിനെയും പോലീസ് പിടികൂടും. ആരെയെങ്കിലും ബോദ്ധ്യപ്പെടുത്താൻവേണ്ടി പ്രതികളെ അറസ്റ്റു ചെയ്യാനോ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്തെങ്കിലും പ്രഖ്യാപിക്കാനോ അല്ല ഗവൺമെന്റ് ആഗ്രഹിക്കുന്നത്. എല്ലാ പഴുതുകളും അടച്ച് ഓരോ കാര്യങ്ങളും മുന്നോട്ടു കൊണ്ടുപോകണമെന്നുള്ളതാണ്. സാജുവിനെ കിട്ടുന്നില്ല ഒളിവിൽ പോയി എന്നു പറഞ്ഞുകൊണ്ട് ഈ കേസന്വേഷണം നീട്ടിക്കൊണ്ടു പോകേണ്ട സാഹചര്യം ഉണ്ടാവില്ല. ഇതിന്റെ ആദ്യത്തെ കണ്ണി പോലീസ് പിടിച്ചെടുത്തു കഴിഞ്ഞു. ആദ്യത്തെ കണ്ണിയെക്കുറിച്ചുള്ള വിവരങ്ങൾ കിട്ടി. ഇത് അവിടം കൊണ്ടൊന്നും അവസാനിക്കുന്ന കാര്യമല്ല. മുമ്പോട്ടുപോകും. പക്ഷേ, പോകേണ്ട വിധത്തിൽ പോകണം. അടുത്ത കണ്ണി സാജുവാണ്. ആ സാജുവിനെയും പോലീസ് പിടിക്കും. അവിടെനിന്നും കിട്ടുന്ന വിവരങ്ങളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലായിരിക്കും അടുത്ത ഘട്ടത്തിലേക്കു നീങ്ങുക. ഇവിടെ പത്രത്തിൽ വരുന്നതു വച്ചുകൊണ്ട് ഈ സഭയിൽ വന്നുനിന്ന് അവരൊക്കെയാണ് പ്രതികളെന്നു ഞാൻ പറയണം എന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്. അതിന് എന്നെ കിട്ടില്ല. അതു പറയുന്നതു ശരിയുമല്ല. പ്രതികളെ പിടിച്ചിരിക്കും. യാതൊരു സംശയവും വേണ്ട. കുറ്റവാളികളെ പിടികൂടുന്നതിനും ശിക്ഷിക്കുന്നതിനും ഒരു സ്വാധീനവും തടസ്സമാവില്ല. അതുകൊണ്ട് ഡോക്ടറോടു പറയാൻ ഞാനാഗ്രഹിക്കുകയാണ്, ഈ കാര്യത്തിൽ ഒരാശങ്കയും വേണ്ട. കേസന്വേഷണം പോകേണ്ട വിധത്തിൽ തന്നെ പോകും. ഓരോ ഘട്ടവും സൂക്ഷ്മതയോടുകൂടിത്തന്നെയാണ് കൈകാര്യം ചെയ്യുന്നത്. സാജുവിനെ കിട്ടി ചോദ്യം ചെയ്തതിനുശേഷം അടുത്ത ഘട്ടത്തിലേക്കു കടന്നിരിക്കും. നമ്മുടെ നാട്ടിൽ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത ഒരു കാര്യമാണ് സംഭവിച്ചിരിക്കുന്നത്. വാടകക്കൊലയാളികളുടെ ആ ശൈലി ഈ കേരളത്തിനു പറ്റിയതല്ല. അതു മുളയിലെ നുള്ളിക്കളയണം. അതിനുവേണ്ടിയുള്ള നിയമപരമായിട്ടുള്ള എല്ലാ നടപടികളും സ്വീകരിക്കും. ഒരു സംശയവും വേണ്ട. ഇവിടെ ശ്രീ. വി. ചെന്താമരാക്ഷൻ പറഞ്ഞ ആലത്തൂർ സംഭവം, തിലകൻ സൈക്കിളിൽ സഞ്ചരിക്കവെയാണ് ഒരു മാരുതി കാറിൽ ഏതാനും ആളുകൾ വന്ന് ഗുരുതരമായി വെട്ടി പരിക്കേല്പിച്ചത്. പരിക്കേറ്റ തിലകൻ ഇന്നലെ തൃശ്ശൂർ എലൈറ്റ് ആശുപത്രിയിൽവച്ചു മരണമടഞ്ഞു. അതിനെ സംബന്ധിച്ച് അന്വേഷണം നടക്കുകയാണ്. മാരുതി കാറിൽ വന്നവരാണ് അതു ചെയ്തതെന്നുള്ളതിൽ കവിഞ്ഞ് ഒരു വിവരവും കിട്ടിയിട്ടില്ല. പോലീസ് ശക്തമായി അന്വേഷണം നടത്തുന്നുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ ഉറപ്പു നൽകാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന അഭിപ്രായം എനിക്കില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യത്തക്ക ഗുരുതരമായ സ്ഥിതിവിശേഷം നിലവിൽ ഇല്ലെന്നു കാണുന്നതിനാൽ അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു.

പ്രതിപക്ഷനേതാവ് *(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)*: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടിയിൽ കണിച്ചുകുളങ്ങരയിലെ രമേശ് അതുപോലെ ആലത്തൂരിലെ ദിനേശ് തിലകൻ തുടങ്ങിയ ആളുകളുടെ കൊലപാതകത്തിന് കാരണക്കാരായിട്ടുള്ളവരെ കണ്ടുപിടിക്കുന്നതിൽ ബദ്ധശ്രദ്ധമായ ഒരു നിലപാടിൽ ഗവൺമെന്റ് ഉറച്ചുനിൽക്കുന്നുവെന്നാണ് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞത്. നല്ലതാണ്. പക്ഷേ, ഇതിന്റെ മർമ്മം എന്താണ്. കണിച്ചുകുളങ്ങരയിലും ആലത്തൂരിലുമെല്ലാം ഉണ്ടായിട്ടുള്ള സംഭവങ്ങളുടെ തുടക്കമെന്ന് പറയുന്നത്, കേരളത്തിൽ ഗുണ്ടാ സംഘങ്ങൾ, അതുപോലെ ഗുണ്ടാ മാഫിയകൾ വളരെ വിപുലമായ രീതിയിൽ വളർന്നു വരുകയും അവർ വാടകക്കൊലയാളികളെ ഉപയോഗിച്ച് ഗുണ്ടയിലെ മറുഗുണ്ടയെ കൊലപ്പെടുത്തുകയുമാണ് ചെയ്യുന്നത്. അതോടൊപ്പംതന്നെ നിസ്സഹായരും, നിരപരാധികളും നിഷ്കളങ്കരുമായിട്ടുള്ള ജനങ്ങളുടെ പണം തട്ടിയെടുക്കാൻവേണ്ടി, അവരുടെ സൈരജീവിതം തകർക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുകയാണ്. കണിച്ചുകുളങ്ങരയിൽ ഉണ്ടായിട്ടുള്ള സംഭവത്തോടനുബന്ധമായിട്ടാണ് ഈ പ്രശ്നങ്ങളൊക്കെ ഉൽഭവിച്ചിരിക്കുന്നതെന്ന മട്ടിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നങ്ങളെ കാണുന്നത്. അത് ഈ സഭയെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്. ഇത് വിലപ്പോകില്ല. കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന മാഫിയകൾ, ഇത് ഗുണ്ടകൾ തമ്മിലുള്ള, വാടകഗുണ്ടകൾ തമ്മിലുള്ള കൊലപാതകമാണ്. കേരളത്തിലെ വനം മാഫിയ, ബ്ലേഡ് മാഫിയ, ചന്ദനമാഫിയ ഇങ്ങനെയുള്ള നിരവധി മാഫിയകളിൽ ഒന്നാണ് ഗുണ്ടാ മാഫിയ. ഹിമാലയ ചിട്ടി, ഹിമാലയത്തിന്റെ കൊടുമുടിയായ എവറസ്റ്റിലെ ചിട്ടി. അതിപ്പോഴും പൊന്തി നിൽക്കുന്നുണ്ടെന്ന യാഥാർത്ഥ്യം ആരും വിസ്മരിക്കുന്നില്ല. അങ്ങ് അതേ സംബന്ധിച്ച് എടുത്തുപറഞ്ഞുവെന്നുള്ളതും പ്രത്യേകമായിത്തന്നെ പരിഗണിക്കുന്നു. എന്നാൽ അതിലെ പ്രതികളെ കണ്ടുപിടിക്കുന്നതിന് രമേശിന്റെ ബന്ധുക്കളിൽ നിന്നും മറ്റും കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കൂറെ വസ്തുതകൾ പുറത്തുവന്നിട്ടുണ്ട്. അതിൻമേൽ കൂടുതൽ അന്വേഷണം നടത്താൻപോകുന്നു. ഇതിലെ മൃഗം സാജു എന്നു പറയുന്നവനെ കണ്ടുപിടിക്കുന്നതോടുകൂടി എല്ലാം തെളിയുമെന്നാണ് അങ്ങ് ഇവിടെ പറയുന്നത്. ഇതുസംബന്ധിച്ചെല്ലാം ഫോളോ അപ് എടുത്ത്, നടപടികൾ സ്വീകരിച്ച് പ്രതികളെ കണ്ടുപിടിക്കുന്നത് സന്തോഷംതന്നെ. അടിയന്തിര സ്വഭാവത്തോടുകൂടി ഈ കാര്യങ്ങൾ ചെയ്യാൻ പോകുന്നുവെന്നുള്ളത് നല്ല കാര്യംതന്നെ. എന്നാൽ കേരളത്തിൽ ഗുണ്ടാ സംഘങ്ങൾ വളർന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ പണമുപയോഗിച്ചുകൊണ്ടും മറ്റുതരത്തിലുള്ള സ്വാധീനമുപയോഗിച്ചുകൊണ്ടും ആളുകളെ കൊലപ്പെടുത്തുകയാണ്. രമേശ്തന്നെ എവറസ്റ്റ് എന്ന ചിട്ടി കമ്പനി തുടങ്ങുന്നതിനുമുമ്പ് ഹിമാലയ ചിട്ടികമ്പനിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

സന്ദർഭത്തിൽ അയാളുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള കൊലപാതകത്തെ സംബന്ധിച്ചും ഇവിടെ സൂചിപ്പിച്ചു. പത്രങ്ങളിലൊക്കെ വാർത്ത വന്നതാണ്. ഇപ്പോൾ ഗുണ്ടാസംഘങ്ങളുടെ സൈരവിഹാരം ഗവൺമെന്റിന്റെതന്നെ പ്രധാനപ്പെട്ട ഒരു വകുപ്പായ ആഭ്യന്തരവകുപ്പിലെ പോലീസിന്റെ സഹായത്തോടുകൂടിയാണ് നടന്നുകൊണ്ടിരിക്കുന്നതെന്നുള്ള സത്യം അങ്ങ് വിസ്മരിക്കരുത്. ആ നിലയിൽ ഇത് സീരിയസ്സായി കാണുന്നുണ്ടോ? അല്ലാ, അത് ഒതുക്കുന്നതിനുവേണ്ടിയുള്ള നടപടികളെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കുന്നുണ്ടോ? ഇതിനെ സംബന്ധിച്ചൊന്നും അദ്ദേഹം ഒന്നും പറഞ്ഞതായി കാണുന്നില്ല. അതുകൊണ്ട് ഇതുസംബന്ധിച്ച് ഗവൺമെന്റ് എന്ത് അടിയന്തിര നടപടിയാണെടുക്കുന്നത് എന്നതിനെക്കുറിച്ച് അറിയാൻ ആഗ്രഹമുണ്ട്. ഇതിനെക്കുറിച്ചുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കണമെന്നുകൂടി ഞാൻ ആവശ്യപ്പെടുകയാണ്. ഞങ്ങൾക്ക് നിങ്ങളുടെ ഉത്തരത്തെ മാത്രം ആസ്പദമാക്കി ഇവിടെ ഇരിക്കാൻ കഴിയില്ല. അതേസംബന്ധിച്ച് അങ്ങേക്ക് എന്തെങ്കിലും പറയാനുണ്ടോയെന്ന് അറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്.

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)*: ഞാൻ അത് പറഞ്ഞുകഴിഞ്ഞു. ഇതുപോലുള്ള സംഭവങ്ങളെ ഒരിക്കലും ഗവൺമെന്റ് വച്ചുപൊറുപ്പിക്കത്തില്ല. ഇതിനെതിരായിട്ടുള്ള ശക്തമായ നടപടികളിലേക്ക് നമുക്ക് ഒന്നിച്ചുതന്നെ നീങ്ങാം. ഇതിൽ ശക്തമായ നടപടികൾ സ്വീകരിക്കും. കാരണം, ഇത് നമ്മുടെ നാട്ടിൽ ഒരിക്കലും ആവർത്തിക്കാൻ പറ്റുന്ന കാര്യമല്ല. ഇതിൽ ഭരണകക്ഷി പ്രതിപക്ഷമെന്നുള്ള അഭിപ്രായ വ്യത്യാസമില്ല. ഇതൊരു സാമൂഹ്യവിപത്താണ്. സാമ്പത്തികശക്തിയുണ്ടെങ്കിൽ, സ്വാതന്ത്ര്യമുണ്ടെങ്കിൽ ഒരു വിഭാഗത്തെ കായികമായിട്ട് ഇല്ലാതാക്കുകയെന്നുള്ള ആ ഒരു പ്രവർത്തനശൈലി നമുക്ക് ഒരിക്കലും അംഗീകരിക്കാൻ പാടില്ല. അതുകൊണ്ട് എനിക്ക് പ്രതിപക്ഷനേതാവിനോട് അഭ്യർത്ഥിക്കാനുള്ളത് ഇത് ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളല്ല. ഇതൊരു സാമൂഹ്യവിപത്താണ്, ഇത് നിയമവാഴ്ചയുടെ പ്രശ്നമാണ്. അതിന് നിങ്ങൾകൂടി സഹകരിക്കുക. ഗവൺമെന്റ് തലത്തിൽ ശക്തമായ നടപടിയുണ്ടാകും. അതിൽ എന്തെങ്കിലും വീഴ്ച പറ്റിയിട്ടുണ്ട് എന്നുണ്ടെങ്കിൽ അത് നിങ്ങൾ ചൂണ്ടിക്കാണിച്ചോളൂ. പക്ഷേ ഇതിനെ സംബന്ധിച്ചിടത്തോളം ഇതുവരെ നടത്തിയിട്ടുള്ള കാര്യങ്ങൾ ഉദ്ദേശിച്ച ദിശയിൽത്തന്നെയാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ല. അദ്ദേഹത്തിന്റെ പോലീസ്, സ്വാശ്രയ കോളേജുകളുടെ കാര്യത്തിൽ ഗവൺമെന്റ് നൽകിയിട്ടുള്ള വാഗ്ദാനം നടപ്പിലാക്കാതിരിക്കുന്നതിനെക്കുറിച്ച് നിരപരാധികളായ വിദ്യാർത്ഥികൾ സമരം ചെയ്തപ്പോൾ ആ സമരത്തെ ഗ്രനേഡ് എറിഞ്ഞാണ് നേരിട്ടത്. ഗ്രനേഡ് എറിഞ്ഞ് കാലിലെ ഉപ്പൂറ്റിപോലും തകർന്ന വിദ്യാർത്ഥികൾ ഇപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രിയിലാണ്. അതിന് പോലീസിന് നല്ല ചുണയാണ്. എന്നാൽ ആ പോലീസിന് ഗുണ്ടാമൃഗങ്ങളെ പിടിക്കാൻ കഴിയുന്നില്ല. അത് സംബന്ധിച്ച് അങ്ങ് realise ചെയ്യുന്നുണ്ടോ. തെല്ലും realise ചെയ്യുന്നില്ല. അതുകൊണ്ട് പോലീസിന്റെ പങ്കാളിത്തം ഇക്കാര്യത്തിൽ അങ്ങ് ഗൗരവതരമായി കാണുന്നില്ല. പ്രതിപക്ഷത്തുനിന്നും ഇക്കാര്യത്തിൽ എന്തെല്ലാം സഹകരണമാണോ ചെയ്യേണ്ടത് അതെല്ലാം ചെയ്തുതരാം. കിട്ടുന്ന ഇൻഫർമേഷൻ തരാം. ഈ പ്രശ്നം ഇപ്പോഴും സീരിയസ്സായിട്ട് പരിഗണിക്കാത്ത ഗവൺമെന്റിന്റെ നയത്തോട് സഹകരിക്കാൻ കഴിയുന്നില്ല അതുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(പ്രതിപക്ഷ നേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ക്രമസമാധാന തകർച്ചയുടെ ഏറ്റവും അവസാനത്തെ സംഭവമാണ് നമ്മൾ ഇപ്പോൾ ഇവിടെ ചർച്ച ചെയ്യുന്നത്. ഇതിനുമുൻപ് നമ്മൾ ഈ സഭയിൽ അടിയന്തിരപ്രമേയമായി ക്രമസമാധാന തകർച്ചയുമായി ബന്ധപ്പെട്ട നിരവധി വിഷയങ്ങൾ, പോലീസിന്റെ വീഴ്ചയെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ആ സന്ദർഭത്തിലെല്ലാം മുഖ്യമന്ത്രി എപ്പോഴും പോലീസിനെ ന്യായീകരിക്കാനും പോലീസിന് അതിക്രമങ്ങൾ നടത്താനുള്ള സർവ്വ സ്വാതന്ത്ര്യവും കൊടുക്കുന്ന തരത്തിലുള്ള ഒരു മറുപടിയാണ് പലപ്പോഴും അദ്ദേഹത്തിൽ നിന്നും ഉണ്ടായിട്ടുള്ളത്. ഞങ്ങൾ ഇത് പ്രതിഷേധമായി പല സന്ദർഭങ്ങളിലും ചൂണ്ടിക്കാണിച്ചതാണ്. ഇപ്പോൾ ജയിലിലുണ്ടായ സംഭവം കേരളത്തിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത ഒരു സംഭവമാണ്. ഒന്നോ രണ്ടോ ആളുകളുടെ പേരിൽ നടപടിയെടുത്ത് അത് ഒതുക്കി. എയർ പോർട്ട് സംഭവം. വിദേശ ചാരൻമാരായിട്ടുള്ള അല്ലെങ്കിൽ വിദേശ തീവ്രവാദ പ്രസ്ഥാനവുമായി ബന്ധമുള്ള ആളുകളെ തിരുവനന്തപുരം വിമാനത്താവളത്തിൽ അറസ്റ്റ് ചെയ്ത സംഭവം. ഇപ്പോൾ അവസാനമായി ദേശീയ പാതയിലുണ്ടായ പട്ടാപ്പകൽ കൊലപാതകം. ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ ഗവൺമെന്റ് അടിയന്തിരമായി അതിൽ ഇടപെടുകയോ നടപടിയെടുക്കുകയോ പോലീസ് വേണ്ടതുപോലെ ആക്ട് ചെയ്യുകയോ ചെയ്യുന്നില്ലെന്നുള്ളതാണ് കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും അഭിപ്രായം. കേരളത്തിലെ എല്ലാ പത്രങ്ങളിലും ഇതിനെ സംബന്ധിച്ച് വാർത്തകൾ വന്നു. അവരുടെ ചിത്രം സഹിതം പുറത്തുവന്നു. ഇപ്പോൾ ജനങ്ങൾക്ക് വലിയ ഭീതിയും ആശങ്കയുമുണ്ടായിരിക്കുകയാണ്. ആർക്കാണ് ഇവിടെ സമാധാനപരമായി

10.00 A.M.] യാത്ര ചെയ്യാനും വീടുകളിൽ കിടന്നുറങ്ങാനും കഴിയുന്നത്? ഈ വിധത്തിൽ മാഫിയകൾക്കും അതുപോലെ എല്ലാ തരത്തിലുള്ള അധോലോക സംഘങ്ങൾക്കും സൈരവിഹാരം നടത്താനുള്ള സൗകര്യം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുകയാണ്. അവരുടെ പേരിൽ പോലീസിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഉണ്ടായിട്ടില്ല. ഞാൻ അങ്ങയുടെ കോഴിക്കോടുള്ള പ്രസംഗം ടി.വി.യിൽ കാണുകയുണ്ടായി. ശ്രീ. പ്രേമചന്ദ്രൻ എം.പി.-യെ പോലീസ് മർദ്ദിച്ചതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇന്ന് രാജ്യസഭയുടെ മുമ്പിലുള്ള പ്രശ്നമാണ്. സംസ്ഥാന ഗവൺമെന്റ് കൊടുത്ത മറുപടി മുഖ്യമന്ത്രി പോലീസിനെ ന്യായീകരിച്ചുകൊണ്ട് നടത്തിയ പ്രസ്താവന കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ അപമാനിക്കുന്ന വിധത്തിൽ അത് എവിടെ വരെ എത്തി? ബഹുമാനപ്പെട്ട നമ്മുടെ പാർലമെന്റ് അംഗത്തെ സെക്രട്ടേറിയറ്റ് നടയിൽ അതിക്രൂരമായ നിലയിൽ ലാത്തിചാർജിന് വിധേയമാക്കിയില്ലേ? അവിടേയും പോലീസിനെ ന്യായീകരിക്കുകയാണ്. കഴിഞ്ഞ ദിവസം തൃശൂരിൽ നാഷണൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ ലാത്തിചാർജ് നടത്തിയ സംഭവവുമായി ബന്ധപ്പെട്ട് ശ്രീ. ജോണി നെല്ലൂരിന്റെ സബ്മിഷന് മറുപടി പറഞ്ഞപ്പോഴും മുഖ്യമന്ത്രി പറഞ്ഞത് പോലീസ് അടിച്ചമർത്തും, ലാത്തിച്ചാർജ് ചെയ്യും എന്നാണ്. ഞാൻ അങ്ങ് പറഞ്ഞതിനെ ചോദ്യം ചെയ്യുകയല്ല. ഈ രീതിയിൽ ചിലപ്പോൾ പോലീസിന് ആക്ട് ചെയ്യേണ്ടിവരും. പക്ഷേ അത് ഏത് നിലയിൽ എന്തിന് എന്നുള്ളതാണ്. ഈ രാജ്യത്ത് മാഫിയകളും അധോലോക സംഘങ്ങളും സൈരവിഹാരം നടത്തി സാധാരണക്കാരുടെ ജീവിതത്തിന് ഭീഷണിയായി അഴിഞ്ഞാടുമ്പോൾ അവർക്കെതിരെ അതിശക്തമായി നേരിടേണ്ട പോലീസ് പലപ്പോഴും മൗനം പാലിക്കുക മാത്രമല്ല, ഈ അധോലോക സംഘങ്ങളുടെ കൂട്ടാളികളായി, അവരുടെ സംരക്ഷകരായി മാറുന്ന കാഴ്ചയാണ് ഈ സംസ്ഥാനത്തുള്ളത്. പോലീസിനെ അയയ്ക്കുന്നത് തല്ലിച്ചതയ്ക്കാനാണ് എന്ന് അങ്ങയുടെ ഡി.ജി.പി. പറഞ്ഞതുപോലെ അങ്ങു മറുപടി പറയാൻ പാടില്ല. അതുകൊണ്ട് കേരളത്തിലെ ജനങ്ങളിൽ ഉണ്ടായിട്ടുള്ള ഭീതിയും ആശങ്കയും ഇത്തരത്തിൽ അതീവ ഗുരുതരമായ സ്ഥിതിയിൽ നിലനിൽക്കുമ്പോൾ ജനങ്ങളുടെ സമാധാനത്തിന് ഉറപ്പ് പറയേണ്ട, ക്രമസമാധാനം ഇവിടെ ഉറപ്പു വരുത്തേണ്ട, നിയമസമാധാനം നിലനിർത്തേണ്ട, നിയമവാഴ്ചയ്ക്ക് തടസ്സം ഉണ്ടാകാത്ത രീതിയിൽ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ ബാദ്ധ്യതപ്പെട്ട ആഭ്യന്തര വകുപ്പും പോലീസ് സംവിധാനങ്ങളും ഇവിടെ പരാജയപ്പെടുകയും ഇത്തരം ഗുണ്ടാ സംഘങ്ങൾക്കും അധോലോക സംഘങ്ങൾക്കും കൂടപിടിച്ചു കൊടുക്കുന്ന രീതിയിൽ അവരെ സഹായിക്കുന്ന രീതിയിൽ ചെന്ന് എത്തി നിൽക്കുന്നു എന്നതാണ് ഏറ്റവും അവസാനമുണ്ടായ കൊലപാതക സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്. അതിന് നടപടിയെടുക്കുന്നതിനു പകരം അനങ്ങാപാറ നയത്തോടുകൂടി സാധാരണപോലെ അന്വേഷണവും നടപടിയും എന്ന് പറയുന്നത് കുറ്റവാളികൾക്കും അധോലോക സംഘങ്ങൾക്കും ഇനിയും ഇവിടെ വളരാനും വിഹരിക്കാനും എന്ത് തോന്ന്യാസങ്ങളും അതിക്രമങ്ങളും കാണിക്കാനുമുള്ള ലൈസൻസ് കൊടുക്കുന്നതിന് തുല്യമാകും.

LIBRARY ARCHIVES Kerala Legislative Assembly

ഇത് അത്യന്തം ഭീതിജനകമാണ് എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ നടപടികളിൽ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. കെ. നാണു: സർ, അതീവ ഗുരുതരമായ പ്രശ്നം, കേരളത്തിലെ സൈരജീവിതത്തിന് അങ്ങേയറ്റം ഭീഷണിയായികൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾ പലപ്പോഴായി കേരളത്തിൽ പലഭാഗത്തും ഉണ്ടായിട്ടുണ്ട്. വാഹനം ഇടിച്ചു കൊല്ലുന്നു, മോട്ടോർ ബൈക്കിൽ വന്ന് വെടിവച്ച് പണം തട്ടാൻ നടത്തുന്ന ശ്രമങ്ങൾ, ഇതുപോലെ സൈരജീവിതം തകർക്കുന്ന രൂപത്തിൽ ഏതെങ്കിലും ഘട്ടത്തിൽ ചില അറസ്റ്റുകൾ നടത്തി എന്നതിൽ കവിഞ്ഞ് കുറ്റവാളികളെ വ്യക്തമായ നിയമത്തിന്റെ മുൻപാകെ കൊണ്ടുവന്ന് അതിന്റെ പേരിൽ ശക്തമായ നടപടി സ്വീകരിക്കുക എന്ന രൂപത്തിൽ ഒരു നിലപാട് സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കുന്നില്ല. അതിന്റെ ഫലമായി കൂടുതൽ അക്രമങ്ങൾ നടത്താൻ ഗുണ്ടകൾ സന്നദ്ധമാകുന്നു. സാമ്പത്തികമായി കഴിവുള്ളവർക്ക് ചില ഘട്ടത്തിൽ അവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഗുണ്ടകളെ ഉപയോഗിക്കാൻ സാധിക്കുന്നു. ഇത് വളർന്നു വരുന്നത് നമ്മുടെ സൈരജീവിതത്തിന് വളരെ അപകടമായിരിക്കുന്നു. ഇറങ്ങിപ്പോക്കുമായി ബന്ധപ്പെട്ടുകൊണ്ട് സംസാരിക്കുന്ന അവസരത്തിൽ വിശദീകരിക്കുന്നത് ശരിയല്ല. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. വെടിവച്ച സംഭവത്തിൽപോലും ഇവിടെ സബ്മിഷൻ കൊടുത്തു, പല ഘട്ടങ്ങളിലും അതിനെ സംബന്ധിച്ച് സംസാരിച്ചു. എന്നിട്ടും പ്രധാനപ്പെട്ട പ്രതികളെ അറസ്റ്റുചെയ്യാൻ പോലീസിന് ആവശ്യമായ രൂപത്തിൽ സൗകര്യം ചെയ്തുകൊടുത്ത് കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുന്നില്ല. ഇത്തരത്തിലുള്ള സംഭവങ്ങൾ ഉണ്ടാകുമ്പോൾ അത് പരിപൂർണ്ണമായി അവസാനിപ്പിക്കാൻ ഗവൺമെന്റ് സന്നദ്ധമാകാത്തതാണ് കാരണം. അങ്ങനെ നടപടി സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാകുമെങ്കിൽ ഇത്തരം ഗുണ്ടകളുടെ അക്രമത്തെ അവസാനിപ്പിക്കാനും ജനങ്ങളുടെ ഭീതി മാറ്റാനും സർക്കാരിന് സാധിക്കും. അതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ ഇറങ്ങി പോകുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. എ. എ. അസീസ്: സർ, കേരളത്തിൽ ഇദംപ്രദമമായ സംഭവങ്ങളിൽ ഒന്നാണ് വാടക ഗുണ്ടകളെ ഉപയോഗിച്ച് ജീവഹാനി വരുത്തുക എന്നത്. വടക്കെ ഇന്ത്യയിലും

LIBRARY ARCHIVES Kerala Legislative Assembly

മറ്റു സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങളിൽ ചിലത് നമ്മുടെ കേരളത്തിലും ഇപ്പോൾ അരങ്ങേറിയിരിക്കുന്നു എന്നുള്ളതിന്റെ പ്രതിഫലനമാണ് കണിച്ചുകുളങ്ങരയിൽ സംഭവിച്ചത്. ഇവിടെ ജനകീയ ആവശ്യങ്ങളെ മുൻനിർത്തിയും അതുപോലെ തന്നെ വിദ്യാർത്ഥികളുടെ ആവശ്യങ്ങളെ മുൻനിർത്തിയും സമരം ചെയ്യുന്ന വിദ്യാർത്ഥികളേയും ജനപ്രതിനിധികളേയും എല്ലാം മർദ്ദിച്ച് ഒതുക്കുന്ന കേരളത്തിലെ പോലീസ് യഥാർത്ഥത്തിൽ ഗുണ്ടാ മാഫിയാ സംഘങ്ങളുടെ മുൻപിൽ മുട്ടുവിറയ്ക്കുകയാണ്. രണ്ട് അധോലോക നായകൻമാർ വളരെ സുരക്ഷിതമായിട്ട് കേരളത്തിൽ വന്നുപോയി. അവരെ കണ്ടെത്താൻ കേരളത്തിലെ പോലീസിന് കഴിഞ്ഞില്ല. അതുപോലെ ഗുണ്ടാ തലവൻമാരെ അമർച്ച ചെയ്യാൻ കേരളത്തിലെ പോലീസിന് കഴിഞ്ഞില്ല. ജനകീയ ആവശ്യങ്ങളെ മുൻനിർത്തി സമരം ചെയ്യുന്ന ജനനേതാക്കൻമാരേയും ജനപ്രതിനിധികളേയും ഒതുക്കാൻ നമ്മുടെ മുഖ്യമന്ത്രിയുടെ പോലീസിന് ഇപ്പോൾ കഴിയുന്നു. എന്നിട്ട് വളരെ അപഹാസ്യമായ നിലയിൽ കേരളത്തിൽ പണ്ട് ഒരിക്കലും ഒരു മുഖ്യമന്ത്രിയും പ്രതികരിക്കാത്ത നിലയിൽ, വളരെ നാണംകെട്ട നിലയിലുള്ള പ്രവൃത്തിയാണ് ഈ മുഖ്യമന്ത്രിയിൽനിന്നും ഉണ്ടായത്. ജനനേതാക്കൻമാരായ, ജനപ്രതിനിധികളായ എം.പി. മാരെയും എം.എൽ.എ. മാരേയും മർദ്ദിച്ചശേഷം അവർ കയ്യിൽ വെറുതെ കെട്ടി വച്ചിട്ട് ഡോക്ടർമാരെകൊണ്ട് ചിറ്റ് എഴുതി വാങ്ങി നടക്കുന്നു എന്ന് കേരളത്തിൽ പണ്ട് ഒരിക്കലും ഒരു മുഖ്യമന്ത്രിയും പറഞ്ഞിട്ടില്ല. ഇങ്ങനെ ഒരു മുഖ്യമന്ത്രി കേരളത്തിന് അപമാനമാണ് ഒന്നിനു പിറകേ ഒന്നായി അസത്യം പറയുകയാണ്. അതുകൊണ്ട് മാഫിയ സംഘങ്ങളുടെയും ഗുണ്ടാ സംഘങ്ങളുടെയും മുമ്പിൽ മുട്ടുവിറയ്ക്കുന്ന മുഖ്യമന്ത്രി ഈ പ്രശ്നം ഇവിടെ ചർച്ച ചെയ്യുവാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയ്ക്ക് പുറത്തുപോയി.)

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, നമ്മുടെ പോലീസിന് ഒരു പഴയ പ്രയോഗമുണ്ട്. ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത്. ഇതാണ് സ്ഥിതി. പോലീസുകാർ എഴുതി തന്നത് അങ്ങ് ഒരു ക്രോസ് ചെക്കിംഗ് നടത്തണമെന്നാണ് എന്റെ അഭിപ്രായം. കാരണം, പറയേണ്ട കാര്യം പ്രധാനമായിട്ടും പറഞ്ഞില്ല. എവറസ്റ്റ് എന്നുപറയുന്ന സ്വകാര്യ പണമിടപാടുകാരന്റെ സാരഥി, തന്നെ പല സ്ഥലത്തുവച്ചും വധിക്കാൻ മൂന്നു പ്രാവശ്യം ശ്രമിച്ചിരുന്നു എന്ന് പോലീസിന് പരാതി കൊടുത്തിരുന്നു എന്നുള്ള തരത്തിലുള്ള വാർത്ത വന്നു. അപ്പോൾ ഒരു വ്യക്തി ഇന്നയിന്ന ആളുകൾ ചേർന്ന് തന്നെ മൂന്നു പ്രാവശ്യം വധിക്കാൻ ശ്രമിച്ചു എന്നു പറഞ്ഞിട്ട് അതേരീതിയിൽ തന്നെ വധിക്കപ്പെട്ട ഒരു സാഹചര്യം വളരെ ഗുരുതരമായി

LIBRARY ARCHIVES Kerala Legislative Assembly

നമ്മൾ കാണണം എന്നാണ് എനിക്ക് പറയാനുള്ളത്. അത് ഏതു പോലീസ് ഉദ്യോഗസ്ഥനാണ്, എന്താണ് ഇതിന്റെ നിജസ്ഥിതി എന്ന് ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള അങ്ങ് തീർച്ചയായും ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ ബ്ലേഡ് മാഫിയ ഒരുപാട് ദുരിതം ഈ രാജ്യത്ത് ഉണ്ടാക്കി. ശ്രീ. വക്കം പുരുഷോത്തമൻ ഇവിടെ പറഞ്ഞത് ഒന്നും നടക്കുന്നില്ല, ഒരു കേസ് പോലും എടുത്തിട്ടില്ല. ഇന്ന് രാവിലെ പത്രങ്ങളിൽ വാർത്ത കണ്ടത് 600 കോടി രൂപ കബളിപ്പിച്ച ഇന്റഗ്രേറ്റഡ് ഫിനാൻസിന്റെ ഉദ്യോഗസ്ഥൻമാരേയും ചുമതലക്കാരേയും കുമ്പനാട്ട് മണിക്കൂറുകൾ തടഞ്ഞുവച്ചു എന്നും ഇന്നുമുതൽ കുമ്പനാട്ട് 500-ലധികം നിക്ഷേപകർ നിരാഹാരം ആരംഭിക്കാൻ പോകുന്നു എന്നുമാണ്. ഇത് വളരെ ഗുരുതരമാണ്. 600 കോടി രൂപ കേരളത്തെ വഞ്ചിച്ച ഒരു സ്ഥാപനത്തിന് എതിരായിട്ട് ഇത്രയും ദിവസമായിട്ട് ഏതെങ്കിലും പോലീസ് ഒരു കേസ് എടുത്തോ? വളരെ ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. പത്രങ്ങളിലും ഇലക്ട്രോണിക് മീഡിയയിലും വളരെ വ്യാപകമായി വന്ന കാര്യമാണ്. അങ്ങ് ഈ പോലീസുകാർ പറയുന്നത് എഴുതി തരരുത്. ശ്രീവാസ്തവ ആരാണെന്ന് ഞാൻ പറയുന്നില്ല, മിസ്റ്റർ കരുണാകരനെ കുളത്തിൽ ഇറക്കിയ ആളാണെന്ന് അങ്ങ് മറക്കരുത്. ഇവിടെ അങ്ങ് നടത്തിയ ഒരു പ്രസ്താവന വളരെ ഖേദകരമായിപ്പോയി. ഞാൻ ടി.വി.-യിൽ കണ്ടു, പേര് പറഞ്ഞില്ല, പക്ഷെ കേൾക്കുന്നവർ, നമ്മളൊക്കെ കുറച്ച് ബുദ്ധിയുള്ളവരാണ്. പേരുപറഞ്ഞില്ല എങ്കിലും അങ്ങ് പറഞ്ഞു ആശുപത്രിയിൽ കിടക്കുന്ന ആളുകൾ വെറുതേ കിടക്കുകയാണ്. അവരുടെ നിർബന്ധമനുസരിച്ച് ഡോക്ടർമാർ കൈയിൽ ബാൻഡേജ് കെട്ടിക്കൊടുത്തതാണ്. മെഡിക്കൽ സർട്ടിഫിക്കറ്റ് എന്റെ കൈയിലുണ്ട് ഇതെല്ലാം ശരിയാണ്. പക്ഷെ അങ്ങയെപ്പോലെ ഈ രംഗത്തുകൂടി കടന്നുവന്ന ഒരുപാട് സമരങ്ങളിൽക്കൂടി കടന്നുവന്ന ഒരു മുഖ്യമന്ത്രി ഒരു ജനപ്രതിനിധിയെക്കുറിച്ച് ഇങ്ങനെ പറഞ്ഞത് ശരിയാണോ? വിദ്യാർത്ഥികളുടെ സമരത്തിൽ പങ്കെടുത്ത് രണ്ട് പെൺകുട്ടികൾ എറണാകുളത്തും, ഒരു പെൺകുട്ടി തിരുവനന്തപുരം മെഡിക്കൽ കോളേജിലും പോലീസ് ഗ്രനേഡ് എറിഞ്ഞതു കാരണം അപകടത്തിൽപ്പെട്ട് കിടക്കുകയാണ്. അവർ ഇപ്പോഴും ആശുപത്രിയിൽ നിന്ന് പുറത്തുവന്നിട്ടില്ല. ആറ്റിങ്ങൽ സ്വദേശിയായ ഒരാൾ, എം.എൽ.എ.-യുടെ പ്രകടനത്തിൽപ്പെട്ട ആൾ, കാല് മുറിക്കാതെ കഷ്ടിച്ച് രക്ഷപ്പെട്ടു. അയാളുടെ മുട്ടു മുഴുവൻ തകർന്ന് ആശുപത്രിയിൽ കിടക്കുകയാണ്. അങ്ങ് പറഞ്ഞു ഈ ഗ്രനേഡ് വാങ്ങിച്ചു വച്ചത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണെന്ന്. അങ്ങനെയാണെങ്കിൽ വെടിയുണ്ട ഉണ്ടാക്കിയവനെയല്ലേ പ്രതിയാക്കാൻ പറ്റൂ. വെടിയുണ്ട ഉണ്ടാക്കിയവനെ ആരെങ്കിലും പ്രതിയാക്കാറുണ്ടോ? തോക്ക് വാങ്ങിച്ചവനെ പ്രതിയാക്കാറുണ്ടോ? ഇല്ലല്ലോ, ഗ്രനേഡ് ആര് വാങ്ങിച്ചു എന്നുള്ളതല്ല, അത് ഉപയോഗിച്ചത് കഴിഞ്ഞ നായനാരുടെ കാലത്തല്ലല്ലോ, അങ്ങയുടെ കാലത്താണല്ലോ ഉപയോഗിച്ചത്. വളരെയധികം അപകടകരമായ ഈ ഗ്രനേഡ് ഉപയോഗിക്കരുത് എന്ന് ഞാൻ പറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

അതിനുശേഷം ഉപയോഗിച്ചിട്ടില്ല, സമ്മതിക്കുന്നു. ഞാൻ ഈ നിയമസഭയിൽ പറഞ്ഞു ഇനിയെങ്കിലും ഉപയോഗിക്കരുത്, പിന്നെ ഇവിടെ ഉപയോഗിച്ചിട്ടില്ല, നല്ല കാര്യം. പക്ഷെ അതൊക്കെ കള്ളമാണെന്ന് നമ്മൾ പറയുന്നത് ശരിയല്ല. പ്രേമചന്ദ്രനെ ഞാൻ കണ്ടു, പ്രേമചന്ദ്രന്റെ കൈയിൽ slings ഇട്ടിരുന്നു, പിന്നെ മുമ്മാതെ ഡോക്ടർമാർ കൈവച്ചു കെട്ടുമോ? അദ്ദേഹത്തിന് ബാൻഡേജ് ഉണ്ടായിരുന്നു, എല്ലിന് പൊട്ടൽ ഉണ്ടോ എന്ന് സംശയമുള്ളതുകൊണ്ട് രണ്ടാഴ്ച കൈ അനക്കാതെ കെട്ടിയിടണമെന്ന് ഞാൻ കൂടി ഇരുന്നപ്പോഴാണ് ഡോക്ടർമാർ പറഞ്ഞത്. ഈ സഭയിലെ അംഗമായ ശ്രീ. കോവൂർ കുഞ്ഞുമോനും അടികിട്ടി. കുഞ്ഞുമോനും ആശുപത്രിയിൽ ഉണ്ടായിരുന്നു. ഇതൊക്കെ അറിയാവുന്ന ആളാണ് അങ്ങ്. ഒരു ജനകീയൻ എന്ന് ഞങ്ങളൊക്കെ കരുതുന്ന ഒരു മുഖ്യമന്ത്രി ഇത്രയും പരസ്യമായി ഈ രാജ്യത്ത് ഇങ്ങനെ ജനപ്രതിനിധികളെ അപമാനിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് നടത്തിയത് വളരെ സങ്കടകരമാണ് എന്നേ എനിക്ക് ഈ അവസരത്തിൽ പറയാനുള്ളൂ. പ്രേമചന്ദ്രൻ പൂർണ്ണമായും കള്ളം പറഞ്ഞു, കുഞ്ഞുമോൻ കള്ളം പറഞ്ഞു, പെൺകുട്ടികൾ കാലിന്റെ മുട്ട് തകർന്ന് പാദം തകർന്ന് കിടക്കുന്നവർ വെറുതേ കിടക്കുകയാണ് എന്നൊക്കെയുള്ള മട്ടിൽ അങ്ങ് ഒരിക്കലും പറയരുതായിരുന്നു. അതുകൊണ്ട് ഈ നടപടികൾ ശരിയല്ല. ഇവിടെ മാഫിയ അഴിഞ്ഞാടുകയാണ്, പോലീസ് അവരോടൊപ്പം നിൽക്കുകയാണ്. അങ്ങ് നിയമിച്ചിരിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാരെ കുറിച്ച് പറയാം. എനിക്കറിയാവുന്ന ഒരു പോലീസ് ഉദ്യോഗസ്ഥനെ ആ സ്ഥലത്തെ ഏറ്റവും വലിയ അണ്ടികാരി മാഫിയയുടെ ബന്ധുവാണ് ആ സ്ഥലത്ത് നിയമിച്ചിരുന്ന ആള്. ആരാണെന്ന് ഞാൻ പറയുന്നില്ല. ഈ രീതിയിലൊക്കെ നമ്മൾ ഈ രാജ്യത്ത് പോലീസിനെ കൊണ്ടുപോയാൽ ഇവിടെ അപകടം ഉണ്ടാകും. അതുകൊണ്ട് മുളയിലേ അത് നുള്ളിക്കളയേണ്ടതാണ്. ഇത് തീർച്ചയായും ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ചചെയ്യാൻ കഴിഞ്ഞില്ല എങ്കിൽ അങ്ങ് ഞങ്ങൾ പറഞ്ഞ ഈ കാര്യങ്ങൾ ശ്രദ്ധിക്കണം എന്നു മാത്രം പറഞ്ഞുകൊണ്ട് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ജോണി നെല്ലൂർ: സർ, ബഹുമാന്യനായ മുഖ്യമന്ത്രി അടിയന്തിര പ്രമേയത്തിന് പറഞ്ഞ മറുപടി കേരളത്തിലെ മുഴുവൻ ജനങ്ങളേയും നിരാശപ്പെടുത്തുന്ന മറുപടിയാണ്. നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി ഗുണ്ടാ അതിക്രമം നടന്നുവരുന്ന വസ്തുത പത്രങ്ങളിലൂടെ ദിനംപ്രതി നാം കാണുന്നതാണ്. നിരവധി ആളുകൾ കൊലചെയ്യപ്പെടുന്നു. അത് നിത്യേന വാർത്തയായി വരുന്നു. മുഖ്യമന്ത്രി പ്രത്യേകമായി ശ്രദ്ധിക്കേണ്ടത് ഇന്നത്തെ പ്രധാനപ്പെട്ട പത്രങ്ങളിൽ മലയാള മനോരമ ഉൾപ്പെടെ ഒരു വാർത്ത പ്രസിദ്ധീകരിച്ചിരുന്നത് ഈ മാഫിയകൾക്കെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

നേതൃത്വം കൊടുക്കുന്ന ഹിമാലയാ ചിട്ടി ഗ്രൂപ്പിലെ ഒരു ഡയറക്ടറുടെ വീട്ടിൽ നടന്ന വിവാഹ സദ്യയിൽ നിരവധി പോലീസ് ഉദ്യോഗസ്ഥർ മൂന്ന് ദിവസങ്ങളിൽ പങ്കെടുത്തു. അതിൽ പങ്കെടുക്കുന്നതിലുള്ള തെറ്റല്ല ഞാൻ പറഞ്ഞത്. സാമാന്യ ജനത്തിന് ഒരു തോന്നൽ ഉണ്ടായിരിക്കുന്നു ഇതുപോലുള്ള മാഫിയകളുടെയെല്ലാം സഹായികളായി നമ്മുടെ പോലീസ് മാറുന്നു എന്നുള്ള ഒരു തോന്നൽ! ഇതിനെതിരായി ശക്തമായ നടപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുക്കണം. ഈ നീതി നടപ്പാക്കാൻ ചുമതലപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ ഇതുപോലുള്ള പ്രവർത്തനങ്ങളിൽ ഒരു പെരുമാറ്റ ചട്ടം ഏർപ്പെടുത്തുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ അങ്ങ് ഈയടുത്ത കാലത്ത് പറയുന്ന പല മറുപടികളും വളരെ വേദനയുണ്ടാക്കുന്നു. എൻ.സി.ഐ. യുടെ പ്രവർത്തകരുടെ സമാധാനപരമായ ഒരു സമരം നടന്നപ്പോൾ അവർക്കെതിരെ പോലീസ് മൃഗീയമായി ലാത്തിച്ചാർജ് നടത്തിയ കാര്യം ഞാൻ ഈ നിയമസഭയിൽ ഉന്നയിച്ചപ്പോൾ പറഞ്ഞ മറുപടി അങ്ങേയറ്റം നിഷേധാത്മകമായിരുന്നു. അത് ഒരു മുഖ്യമന്ത്രിക്ക് ചേർന്ന മറുപടിയായിരുന്നില്ല. അങ്ങ് പറഞ്ഞു അടിക്കും, തകർക്കും, ജയിലിലടയ്ക്കും. അങ്ങ് സമരം ചെയ്ത് വളർന്നുവന്ന ഒരു നേതാവല്ലേ? അങ്ങയുടെ ഓരോ മറുപടിയും ശ്രദ്ധിക്കുമ്പോൾ ഒരു കാര്യം വളരെ വ്യക്തമാണ്. ഗുണ്ടാ സംഘങ്ങളുടെ കാര്യം വന്നപ്പോൾ അങ്ങേക്ക് ആ കർശനമായ ശബ്ദമില്ല. എം. പി. മാരുടേയും, എം.എൽ.എ. മാരുടേയും കാര്യം വരുമ്പോൾ കർശനമായ ശബ്ദം. ജനകീയ സമരത്തെപ്പറ്റി പറയുമ്പോൾ അങ്ങയുടെ ശബ്ദം വളരെ കനത്ത ശബ്ദം. പക്ഷെ ഗുണ്ടാത്തലവൻമാരുടേയും മാഫിയാ സംഘങ്ങളുടേയും കാര്യം പറയുമ്പോൾ അങ്ങ് ആരെയോ ഭയപ്പെടുന്നതുപോലെ ശക്തമായ ഭാഷയിലല്ല പറയുന്നത്. അതുകൊണ്ട് തീർച്ചയായും ഈ സംഭവം ഇന്ന് ഈ സഭയിൽ ചർച്ച ചെയ്യേണ്ടതായിരുന്നു. അപ്പുറത്തും ഇപ്പുറത്തുമൊക്കെയുള്ള ആളുകൾ ഒരുപോലെ ഇത് കണ്ടറിയുന്നവരാണ്. കേരളത്തിൽ ഇന്ന് വ്യാപകമായി അഴിഞ്ഞാടിക്കൊണ്ടിരിക്കുന്ന ഗുണ്ടാ മാഫിയകളുടെ ഈ പ്രവർത്തനങ്ങൾ ഇല്ലായ്മ ചെയ്യുവാൻ ഒരു ചർച്ച അനിവാര്യമായിരുന്നു. ആ ചർച്ചയ്ക്ക് സമ്മതിക്കാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(സഭവിട്ടു പുറത്തുപോയ അംഗങ്ങൾ അൽപസമയത്തിനുശേഷം വീണ്ടും ഹാജരായി.)

LIBRARY ARCHIVES Kerala Legislative Assembly